കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിനിടെ കണ്ണൂർ എസ്.എൻ. കോളേജിൽ എസ്.എഫ്.ഐ.-കെ.എസ്.യു. പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷം | ഫോട്ടോ ലതീഷ് പുവ്വത്തൂർ

എസ്.എൻ. കോളേജിൽ എസ്.എഫ്.ഐ.ക്ക് വിജയം
സംഘർഷം; പോലീസ് ലാത്തിവീശി

തോട്ടട ▸ എസ്.എൻ. കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ 25 സീറ്റിൽ 23 എണ്ണത്തിൽ എസ്.എഫ്.ഐ.യും രണ്ടെണ്ണത്തിൽ കെ.എസ്.യു.വും വിജയിച്ചു. മേജർ സീറ്റുകൾ മുഴുവൻ എസ്.എഫ്.ഐ. നിലനിർത്തി. സുവോളജി അസോസിയേഷൻ സെക്രട്ടറി, തേർഡ് ഡി.സി. റപ്രസന്റീവ് എന്നീ സീറ്റുകളാണ് കെ.എസ്.യു. നേടിയത്. ഫലപ്രഖ്യാപനത്തെ തുടർന്ന് എസ്.എഫ്.ഐ.യും കെ.എസ്.യു വും ആഹ്ലാദപ്രകടനം നടത്തി.

ആഹ്ലാദപ്രകടനത്തിനിടെ നേരിയ സംഘർഷമുണ്ടായി. പോലീസ് ലാത്തി വീശി വിദ്യാർഥികളെ മാറ്റി. പരിക്കേറ്റ കെ.എസ്.യു. പ്രവർത്തകൻ മുഹമ്മദ് റബിനെ കണ്ണൂരിലെ സ്വകാര്യ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

പി. പ്രയാഗ് മുരളി (ചെയ.), ആഷിഷ് അനിൽ (জന. സെക്ര.). എ.കെ. മുഹമ്മദ് സലി (യു.യു.സി.), എൻ.പി. റിഷിൻ രാജ് (യു.യു.സി.)

ടൗൺ പോലീസ് സുരക്ഷ ക്രമീകരണങ്ങൾ ശക്തമാക്കിയിരുന്നു. ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് സുവോളജി അസോസിയേഷൻ സെക്രട്ടറി സ്ഥാനം കെ.എസ്.യു.വിന് ലഭിച്ചത്. ഇതിന്റെ പേരിൽ വാക്ത്തർക്കവുമുണ്ടായി.

വിജയിച്ചവർ : പി. പ്രയാഗ് മുരളി (ചെയ.), എൻ.വി. ശ്രീനന്ദ (വൈസ് ചെയ.), ആഷിഷ് അനിൽ (জന.സെക്ര.), വി. നിവേദ്യ (ജോ. സെക്ര.). യു.യു.സി.മാർ : എ.കെ. മുഹമ്മദ് സാലി, എൻ.പി. റിഷിൻ രാജ്. ജനറൽ ക്യാപ്റ്റൻ : എ.വി. ആദം അദിൽ, സ്റ്റുഡന്റ് എഡിറ്റർ : പി.പി. സിദ്ധാർഥ്, ഫൈൻ ആർട്സ് സെക്രട്ടറി : സി.കെ. ആൽഫിൻ.

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ കൃഷ്ണമേനോൻ സ്മാരക গവ. വനിതാ കോളേജിൽനിന്ന് ജയിച്ച എം.എസ്.എഫ്. കെ.എസ്.യു സ്ഥാനാർഥികളായ ടി.കെ. ഷാനിബ (ചെയർപേഴ്സൺ), എ.കെ. ഗോപിക, നജിയ റൗഫ് (ഇരുവരും യു.യു.സി.)

ബാബു പണ്ണേരിക്ക് ആദരം

നിത്യചൈതന്യയതി ജന്മശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ സംരംഭകശ്രീ അവാർഡ് ജേതാവ് ബാബു പണ്ണേരിയെ പവർ ക്രിക്കറ്റ് ക്ലബ് ആദരിക്കുന്നു

മയ്യിൽ ▸ ഗുരു നിത്യചൈതന്യയതി ജന്മശതാബ്ദിയാഘോഷത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ സംരംഭകശ്രീ അവാർഡ് നേടിയ ബാബു പണ്ണേരിയെ മയ്യിൽ പവർ ക്രിക്കറ്റ് ക്ലബ് ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എം.വി.അജിത ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം ഇ.എം.സുരേഷ്ബാബു അധ്യക്ഷത വഹിച്ചു. സി.എച്ച്.അബൂബക്കർ ഹാജി ഉപഹാരസമർപ്പണം നടത്തി. ജില്ലാ ഒളിമ്പിക്സ് അസോസിയേഷൻ സെക്രട്ടറി ഡോ. പി.കെ.മുഹമ്മാഗൻ, പി.ടി.കെ.നന്ദ്യാർ എന്നിവർ മുഖ്യാതിഥികളായി. രാധാകൃഷ്ണൻ മാണിക്കോത്ത്, പഞ്ചായത്തംഗങ്ങളായ കെ.ബിജു, രവി മാണിക്കോത്ത്, യൂസഫ് പാലക്കൽ, എൻ.അനിൽകുമാർ, കെ.പി.ശശിധരൻ, കെ.കെ.മുനീർ, പി.കെ. നാരായണൻ, കെ.പി.അബ്ദുും അസിസ് എന്നിവർ സംസാരിച്ചു.

കൃഷ്ണപ്പാട്ട് പാരായണം ചെയ്യുന്നവരെ ആദരിക്കൽ നാളെ

കണ്ണൂർ ▸ കൃഷ്ണപ്പാട്ട് പാരായണം ചെയ്യുന്നവരെ സി.എം.എസ്. ചന്തേര സ്മാരക സംഘവഴക്ക ഗവേഷണപീഠം കീർത്തിപത്രം നല്കി ആദരിക്കൽ വെള്ളിയാഴ്ച നടക്കും. ചിറക്കൽചിറ കിഴക്കേക്കര ശ്രീകൃഷ്ണ മതിലകം ക്ഷേത്രപരിസരത്ത് വെള്ളിയാഴ്ച രാവിലെ പരിപാടി തുടങ്ങും. ചിറക്കൽ കോവിലകം കോലത്തിരി ഉത്തൃാതി തിരുനാൾ സി.കെ.രാമവർമ വലിയരാജ ഒപ്പിട്ട കീർത്തിപത്രം നല്കിയാണ് ആദരം. സമ്മേളനം കെ.വി.സുമേഷ് എം.എൽ.എ. ഉദ്ഘാടനം ചെയ്യും. സി.എം.എസ് ചന്തേര അനുസ്മരണപ്രഭാഷണം ഫോക്‌ലോർ അക്കാദമി സെക്രട്ടറി ഡോ. എ.വി.അജയകുമാർ നടത്തും.

കോറളായിയിലെ കരിമ്പ് കർഷകർക്ക്
നഷ്ടമാകുന്ന മധുരം

മയ്യിൽ ▸ മയ്യിൽ പഞ്ചായത്തിലെ കോറളായി തുരുത്തിലുണ്ടായിരുന്ന ഏക്കറുകൾ പരന്നുകിടന്ന കരിമ്പുപാടങ്ങൾ തിരോന്നായി കുറഞ്ഞു. ഇന്ന് വെറും നൂറേക്കറിൽ താഴെ മാത്രം. ഒരുകാലത്ത് കരിമ്പ് ആട്ടി വെല്ലം ഉത്പാദിപ്പിക്കുന്ന ആലകളും തെഴിലാളികളും ഏറെ ഇവിടെയുണ്ടായിരുന്നു.

നിലവിൽ നാല് കർഷകർ മാത്രം

▸പരമ്പരാഗതമായി കൈമാറിയ കരിമ്പുപാരമ്പര്യം കാത്തുസംരക്ഷിക്കുന്ന നാല് കർഷകർ മാത്രമാണിന്നിവിടെയുള്ളത്. സമ്മിശ്ര കർഷകനായ ഹുസൈൻ കോറളായി, പി. ജനാർദനൻ, കെ.പി. അബ്ദുള്ള, കെ. ഷാഹദ് എന്നിവരാണ് തുരുത്തിലെ കരിമ്പുപാരമ്പര്യത്തെ കൈവിടാതെ നോക്കുന്നത്. കരിമ്പുകൾ പ്രാദേശികമായ ഉത്സവങ്ങൾ, തെയ്യങ്ങൾ, പള്ളിപ്പെരുന്നാൾ പോലുള്ള സ്ഥലങ്ങളിലേക്കാണ് ഉപയോഗിക്കുന്നത്.

കടുത്ത വെല്ലുവിളികൾ

▸കോറളായി തുരുത്തിലെ കരിമ്പുകർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി മാർക്കറ്റിങ് ഇല്ലാത്തതാണ്. നേരത്തേ പാപ്പിനിശ്ശേരി, തളിപ്പറമ്പ്, തലശ്ശേരി, ഇരിട്ടി ഭാഗങ്ങളിൽനിന്ന് കരിമ്പുതോട്ടം പാട്ടത്തിനെടുക്കാൻ ആളുകൾ എത്തുമായിരുന്നു. ആറ് മാസം മുന്നേയെത്തി മുൻകൂർ തുക നൽകുന്നവരും ഉണ്ടായിരുന്നു. എന്നാൽ, ഇന്ന് പരമ്പരാഗത തൊഴിലായി പരിഗണിച്ച് കോറളായി തുരുത്തിലെ കർഷകർക്ക് സർക്കാർ സേവനം ലഭ്യമാക്കണം. കൃഷി നടത്തുന്നതിനായി കൃഷിഭവനുകൾ മുഖേന സബ്സിഡികൾ, വളങ്ങൾ എന്നിവ ലഭ്യമാക്കണം. കോറളായിയിലെ കരിമ്പിനെ പൈതൃകവിത്തായി പരിഗണിക്കണം.

ഹുസ്സൈൻ കോറളായി
കർഷകർ, കോറളായി.

കോറളായി തുരുത്തിലെ അവശേഷിക്കുന്ന കരിമ്പ് കർഷകർ കൃഷിപരിചരണത്തിൽ

സർക്കാർ ഇടപെടൽ വേണം

പരമ്പരാഗത തൊഴിലായി പരിഗണിച്ച് കോറളായി തുരുത്തിലെ കർഷകർക്ക് സർക്കാർ സേവനം ലഭ്യമാക്കണം. കൃഷി നടത്തുന്നതിനായി കൃഷിഭവനുകൾ മുഖേന സബ്സിഡികൾ, വളങ്ങൾ എന്നിവ ലഭ്യമാക്കണം. കോറളായിയിലെ കരിമ്പിനെ പൈതൃകവിത്തായി പരിഗണിക്കണം

എസ്.എഫ്.ഐ. അക്രമം അവസാനിപ്പിക്കണം- ലീഗ്

ആസ്പത്രിയിൽ ചികിത്സയിൽ കഴിയുന്ന സൽമാൻ അബ്ബാസാഖിനെ മുസ്‌ലിം ലീഗ് നേതാക്കൾ സന്ദർശിക്കുന്നു

കണ്ണൂർ ▸ കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട എസ്.എഫ്.ഐ. നടത്തുന്ന അക്രമം അവസാനിപ്പിക്കണമെന്നും ഗുണ്ടകളെ നിലക്കുനിർത്തണമെന്നും മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് അഡ്വ. അബ്ദുൾ കരീം ചേലേരി.

അഴീക്കോട് മണ്ഡലം എം.എസ്.എഫ്. ജനറൽ സെക്രട്ടറി സൽമാൻ അബ്ബാസാഖിനെ മാരകായുധങ്ങളുപയോഗിച്ച് അക്രമിച്ചു. പോലീസുകാരുടെ കൺമുന്നിൽ വെച്ചായിരുന്നു അക്രമമെന്ന് ലീഗ് ആരോപിച്ചു. ആസ്പത്രിയിൽ കഴിയുന്ന സൽമാനെ അബ്ദുൾ കരീം ചേലേരി, സെക്രട്ടറി ബി.കെ.അഹമ്മദ്, എം.എസ്.എഫ്. സംസ്ഥാന ജനറൽ സെക്രട്ടറി സി.കെ.നജാഫ്, സെക്രട്ടറി റുമൈസ റഫീക്ക്, ജില്ലാ പ്രസിഡന്റ് നസീർ പുറത്തിൽ, ജനറൽ സെക്രട്ടറി കെ.പി. റംഷാദ്, സെക്രട്ടറി യൂനുസ് പടന്നോട്ട്, നഹല സഈദ്, ടി.പി. ഹർഹാന എന്നിവർ സന്ദർശിച്ചു.

ഐ.ആർ.പി.സി. കേന്ദ്രത്തിൽ ഒഴിവ്

കണ്ണൂർ ▸ ഐ.ആർ.പി.സി. തയ്യിൽ സാന്ത്വനകേന്ദ്രത്തിൽ ഫിസിയോതെറാപ്പിസ്റ്റ്, സ്വിച്ച് തെറാപ്പിസ്റ്റ് എന്നീ ഒഴിവുകളുണ്ട്. ഉദ്യോഗാർഥികൾ കണ്ണൂർ യോഗശാല റോഡിലെ ഐ.ആർ.പി.സി. ജില്ലാകമ്മിറ്റി ഓഫീസിൽ നേരിട്ടോ ഇ-മെയിൽ വഴിയോ 18-നകം അപേക്ഷിക്കണം. ഇ-മെയിൽ- irpckannur@gmail.com. ഫോൺ: 9446668440, 9446156961.

കൺസ്യൂമർ സ്റ്റോർ ഉദ്ഘാടനം

കാടാച്ചിറ ▸ കാടാച്ചിറ സർവീസ് സഹകരണ ബാങ്ക് ഹയർ സെക്കൻഡറി സ്കൂൾ ബസ് സ്റ്റോപ്പ് പരിസരത്ത് ആരംഭിച്ച കൺസ്യൂമർ സ്റ്റോർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ പി.ഇന്ദിര ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് എം.ടി.മനോജ് ബാബു അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.വി.അഗിഷ് കുമാർ, സഹകരണ അസി. രജിസ്ട്രാർ സി.പി.അഷ്റഫ്, പഞ്ചായത്ത് പ്രസിഡന്റ് പി.വി.പ്രേമവല്ലി, ബ്ലോക്ക് പഞ്ചായത്തംഗം കെ.വി.ജയരാജൻ, കമ്പനി സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് സി.ഒ.രാജേഷ്, വി.വി.പുരുഷോത്തമൻ, സനൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

പലഹാരമേള

കണ്ണൂർ ▸ ഏളയാവൂർ സി.എച്ച്. സെന്ററിന്റെ കീഴിലെ കാൻസർ പാലിയേറ്റിവിനുള്ള ധനശേഖരണാർഥം സി.എച്ച്. സെന്റർ വനിതാ കൂട്ടായ്മയുടെ നേതൃത്വത്തിൽ 'അമ്മായി തക്കാരം' എന്ന പേരിൽ കണ്ണൂർ പയ്യാമ്പലം ബീച്ചിൽ പലഹാരമേളയും കൈകൊട്ടിപ്പാട്ടും സംഘടിപ്പിക്കും.

ബുധനാഴ്ച ഉച്ചയ്ക്ക് മൂന്ന് മുതൽ പയ്യാമ്പലം ബീച്ചിലാണ് പരിപാടി. വെുക്കങ്ങൾക്കും വിലയിരുത്തുന്നതിനുവേണ്ടി ചേർന്ന യോഗത്തിൽ പ്രസിഡന്റ് താഹിറ കാഞ്ഞിരോട് അധ്യക്ഷത വഹിച്ചു. സി.എച്ച്. മുഹമ്മദ് അഷറഫ്, കെ.എം. ഷംസുദ്ദീൻ, ഉമ്മർ പുറത്തിൽ, സത്താർ ഇബ്രാഹിമത്, ആർ.എം. ഷബീർ, പി.പി. നജ്മ, എ. സോജത്ത്, ഷിയ ഷെറിൻ, സി.എച്ച്. ജാസ്മിൻ, തസ്നി ഫാത്തിമ, ബിന്ദിഷ്ലാ ബിവി എന്നിവർ സംസാരിച്ചു.

ഫുട്ബോൾ ടൂർണമെൻറ് സമാപനം ഇന്ന്

മയ്യിൽ ▸ യങ് ചാലഞ്ചേഴ്സ് മയ്യിൽ സംഘടിപ്പിക്കുന്ന അൽനൂർ ട്രാൻസ്പോർട്ട് നൽകുന്ന പ്രൈസ് മണിക്കും സ്പോർട്സ് പാരഡൈസ് സമ്മാനിക്കുന്ന ട്രോഫിക്കും വേണ്ടിയുള്ള മൂൻസൂൺ പ്രീമിയർ ലീഗ് ഫുട്ബോൾ ടൂർണമെന്റ് 12-ന് സമാപിക്കും.

ഫൈനൽ ദിവസം കണ്ണൂർ ജില്ലാ സൂപ്പർ സീനിയർ ഡിവിഷൻ ഫുട്ബോളിൽ റണ്ണേഴ്സ് അപ്പായ യങ് ചാലഞ്ചേഴ്സ് ക്ലബിന്റെ മുഴുവൻ താരങ്ങളെയും ആദരിക്കും. ഫൈനലിൽ മംഗലശ്ശേരി ബിൽഡേഴ്സ് മയ്യിൽ റോയൽ ഫർണിച്ചർ മയ്യിലിനെ നേരിടും. ഇന്ത്യൻ റെയിൽവേയുടെ ഫുട്ബോൾ ടീം നായകനും മുൻ സന്തോഷ് ട്രോഫി ടോപ്പ് സ്കോററുമായ പി.സി. റിജു ഫൈനൽ ദിവസം വിശിഷ്ടാതിഥിയായി സമ്മാനദാനം നിർവഹിക്കും.

സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ്

കണ്ണൂർ ▸ കേരള സർക്കാർ ആയുഷ്‌വകുപ്പ്, ഭാരതീയ ചികിത്സാവകുപ്പ്, കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ, গവ. ആയുർവേദ ഡിസ്പെൻസറി പുഴാതി എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് നടത്തും. 12-ന് രാവിലെ ഒൻപത് മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ പുഴാതി സോണൽ ഹാളിൽ വയോജനങ്ങൾക്ക് വേണ്ടിയാണ് ക്യാമ്പ് നടത്തുന്നത്. ഡെപ്യൂട്ടി മേയർ പി. ഇന്ദിര ഉദ്ഘാടനം നിർവഹിക്കും.

അനുമോദനവും യാത്രയയപ്പും

കണ്ണൂർ ▸ ജനിവരിൽ നടക്കുന്ന യു.ഐ.സി.സിയുടെ ലോക കാൻസർ ഉച്ചകോടിയിൽ গവേഷണപ്രബന്ധം അവതരിപ്പിക്കാൻ യാത്രയാകുന്ന മലബാർ കാൻസർ കെയർ സൊസൈറ്റി പ്രസിഡൻറ് ഡി. കൃഷ്ണനാഥ പൈക്ക് പ്രശാന്തി റസിഡൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ അനുമോദനവും യാത്രയയപ്പും നൽകി. കണ്ണൂർ സർവകലാശാലാ മുൻ രജിസ്ട്രാർ ഡോ. ബാലചന്ദ്രൻ കിഴേത്ത് അധ്യക്ഷത വഹിച്ചു. മുൻ ഇൻകംടാക്സ് കമ്മിഷണർ കെ. സദാനന്ദൻ, എം.എം. അനിൽകുമാർ, അഹമ്മദ് റാസിക്, പ്രേമജ, ഡോ. ആവണി, ഡോ. ഇ.കെ. രാജൻ, ഡോ. പി. പ്രശാന്ത്, പ്രകാൾ പലേരി, കെ.പി. ശശിധരൻ, കെ. മുരളീധരൻ, ടി.വി. നാരായണൻ എന്നിവർ സംസാരിച്ചു.

കണ്ണൂർ റെയിൽവേസ്റ്റേഷനിൽ നടന്ന ഓണാഘോഷത്തിൽനിന്ന്

പുട്ടപർത്തിയിലെ ഓണാഘോഷത്തിന് പ്രസാദമൊരുങ്ങി

അഞ്ചരക്കണ്ടി ▸ ഓണാഘോഷവേളയിൽ പുട്ടപർത്തിയിലെത്തുന്ന സായിഭക്തർക്ക് ഇത്തവണ കണ്ണൂരിന്റെ പ്രസാദം. കണ്ണൂരിലെ സായിസമിതികളുടെ നേതൃത്വത്തിൽ അഞ്ചരക്കണ്ടി സമിതിയിൽ നിന്നുള്ള പ്രസാദത്തിന്റെ നിർമാണം ഏറെക്കുറെ പൂർത്തിയായി.

ഓണത്തിന് പുട്ടപർത്തിയിൽ എത്തുന്ന ഭക്തർക്ക് ഇത്തവണ ബിണ്ടിയുണ്ണി പ്രസാദമായി നൽകുന്നത്. തേങ്ങ, വെല്ലം എന്നിവയുടെ മിശ്രിതത്തിൽ ചെറുപയർപരിപ്പും ഏലക്കായയും പശുവിൻനെയ്യും ചേർത്ത് ഉരുട്ടിയെടുത്താണ് പ്രസാദത്തിനുള്ള ബിണ്ടി തയ്യാറാക്കുന്നത്. 10,000 പ്രസാദ പാക്കറ്റുകളാണ് ഇത്തവണ എത്തിക്കുന്നത്.

അഞ്ചരക്കണ്ടി സായി സേവാസമിതി ജില്ലാ പ്രസിഡന്റ് സച്ചിൻ ദേവ്, സംസ്ഥാന മുൻ ഭാരവാഹികളായ ഇ.പി. ലക്ഷ്മണൻ, എൻ. രാജൻ, ജില്ലാ കോഡിനേറ്റർ മാരായ കെ.പി. രത്നാകരൻ, എ. പ്രകാശൻ, അഡ്വ. പി.പി. ജിഷ, ആകാശ് ജയപ്രകാശ്, കൺവീനർ പി. രവീന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രസാദം തയ്യാറാക്കിയത്.

പുട്ടപർത്തിയിലെ ഓണാഘോഷത്തിനുള്ള പ്രസാദം അഞ്ചരക്കണ്ടി സായി സേവാസമിതിയിൽ തയ്യാറാക്കുന്നു

ഹോർട്ടികോർപ്പ് കർഷകച്ചന്ത തുടങ്ങി

മയ്യിൽ ▸ കൃഷിവകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പിന്റെ ഓണം കർഷകച്ചന്തയുടെ ജില്ലാതല ഉദ്ഘാടനം മയ്യിലിൽ നടന്നു. മയ്യിൽ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എം.വി.അജിത ഉദ്ഘാടനം ചെയ്തു.

ടാബ്കോ പ്രസിഡന്റ് ഉത്തമൻ വേലിക്കാത്ത് അധ്യക്ഷത വഹിച്ചു. ഗ്രാമപ്പഞ്ചായത്തംഗങ്ങളായ ഇ.എം. സുരേഷ് ബാബു, ഇ.പി.രാജൻ, ടാബ്കോ ഡയറക്ടർമാരായ കെ.വി.ബാലകൃഷ്ണൻ, പണ്ണേരി ബാബു, പി.പി.വിനോദ്, കെ.സാജൻ, കെ.സ്നേഹ എന്നിവർ സംസാരിച്ചു.

പൂക്കൃഷി വിളവെടുപ്പ്

കുറ്റ്യാട്ടൂർ ▸ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ യുവകർഷകൻ കെ.മധു ഇറക്കിയ ചെണ്ടുമല്ലിക്കൃഷിയുടെ വിളവെടുപ്പ് പഞ്ചായത്ത് പ്രസിഡന്റ് പി.പി.റെജി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം കെ.സി. അനിത അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ എ.കെ.സുരേഷ്ബാബു, കെ.സത്യഭാമ, കെ.മിനി എന്നിവർ സംസാരിച്ചു.

പ്രസ് ക്ലബ് ഓണാഘോഷം

കണ്ണൂർ പ്രസ് ക്ലബ് ഓണാഘോഷം ഉദ്ഘാടനം ചെയ്ത കളക്ടർ അരുൺ കെ. വിജയനും മറ്റു വിശിഷ്ടതിഥികളും പ്രസ് ക്ലബിൽ ഒരുക്കിയ പൂക്കളത്തിനരികെ

കണ്ണൂർ ▸ കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റി കണ്ണൂർ പ്രസ് ക്ലബിൽ ഓണാഘോഷം നടത്തി. കളക്ടർ അരുൺ കെ. വിജയൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സി. സുനിൽകുമാർ അധ്യക്ഷത വഹിച്ചു. മേയർ മുസ്‌ലിഹ് മഠത്തിൽ, കോർപ്പറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സുരേഷ് ബാബു എളയാവൂർ, മുനാക്കക്ഷേത്ര കോർപ്പറേഷൻ ഡയറക്ടർ കെ.സി. സോമൻ നമ്പ്യാർ, പി.ആർ.ഡി. ഡെപ്യൂട്ടി ഡയറക്ടർ ഇ.കെ. പദ്മനാഭൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ പി.വി. വിനിഷ്, ഓഡിറ്റർമാരായ പി.ജെ. ജേക്കബ്, ഇബ്രാഹുൽ, സെക്രട്ടറി കബീർ കണ്ണാടിപ്പറമ്പ്, കെ. സതീശൻ എന്നിവർ സംസാരിച്ചു.

'ഓർമ്മച്ചെപ്പ്' ഓണാഘോഷ പരിപാടി

ചേലോറ ▸ ചേലോറ ഫൈസ്റ്റുാം പൂർവവിദ്യാർഥി കൂട്ടായ്മയായ 'ഓർമ്മച്ചെപ്പി'ന്റെ ഓണാഘോഷ പരിപാടി 16-ന് നടക്കും. സ്റ്റുാം ഓഡിറ്റോറിയത്തിൽ രാവിലെ 10.30-ന് പ്രഭാഷകൻ വി.കെ. സുരേഷ്ബാബുവു ഉദ്ഘാടനം ചെയ്യും. ചക്കരക്കൽ എസ്.എച്ച്.ഒ. എം.പി. ആസാദ് മുഖ്യാതിഥിയാകും.

അൻവിത ഒറ്റയ്ക്കല്ല; ഓണക്കോടിയുമായി ചങ്ങാതിക്കൂട്ടം വീട്ടിലേക്ക്

മയ്യിൽ ▸ വിട്ടിൽ തനിച്ചിരുന്ന് പഠനം നടത്തുന്ന അൻവിത റെയ്യാവിലെ ഓണാഘോഷത്തിന്നെന്ന് അവരൊന്നിച്ചു പറഞ്ഞപ്പോം കണ്ടുമിന്നിനവരുടെ കണ്ണുകൾ നിറഞ്ഞു.

കൊളച്ചേരി ഇ.പി.കെ.എൻ.എസ്. സ്റ്റുളിലെ മൂന്നാം ക്ലാസുകാരി അൻവിതയുടെ വീട്ടിൽ സമഗ്ര ശിക്ഷ തളിപ്പറമ്പ് സൗത്ത് ബി.ആർ.സി. പ്രവർത്തകരും വിദ്യാർഥികളും അധ്യാപകരും ഒന്നിച്ചെത്തി ഓണത്തെ വരവേറ്റു. തളിപ്പറമ്പ് സൗത്ത് ബി.ആർ.സി. സംഘടിപ്പിച്ച ചങ്ങാതിക്കൂട്ടം പരിപാടിയുടെ തുടക്കമാണ് കൊളച്ചേരിയിൽ സംഘടിപ്പിച്ചത്. പൊതുവിദ്യാലയത്തിൽ പ്രവേശനം നേടി വിദ്യാലയത്തിലെത്താനാവാത്ത ഭിന്നശേഷി വിദ്യാർഥികളുടെ വിടുകളിലാണ് പദ്ധതിക്ക് തുടക്കമായത്.

ബി.പി.സി. ഗോവിന്ദൻ എടാടത്തിൽ ഓണക്കോടിയുടെ വിതരണോദ്ഘാടനം നടത്തി. പ്രമമാധ്യാപകൻ വി.വി. ശ്രീനിവാസൻ അധ്യക്ഷത വഹിച്ചു. സുബ്രഹ്മണ്യൻ കൊച്ചേരി, എം. ധന്യ, എ.വി. അജന്ത, കെ. അനുശ്രീ, ശില്പ പുരുഷോത്തമൻ എന്നിവർ സംസാരിച്ചു.

ഇന്നത്തെ പരിപാടി

- **ആയിക്കര ആരോഗ്യമാതാ ദേവാലയം** കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെയും ഉൗട്ടുനേർച്ചയുടെയും ഭാഗമായി ജപമാല 5.00

സഹായധനം കൈമാറി

മയ്യിൽ ▸ കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ (കെ.എസ്.എസ്.പി.യു.) മയ്യിൽ യൂണിറ്റ് സാന്ത്വനസഹായധനം വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡൻറ് എം.വി.അജിത ഉദ്ഘാടനം ചെയ്തു. പി.കെ. ചന്ദ്രൻ, വി.ഷൈമ, ബി.സരോജിനി എന്നിവരുടെ ചികിത്സയുള്ള സഹായധനമാണ് കൈമാറിയത്. പി.വി.പദ്മിനി അധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റിയംഗം ഇട്ടമ്പൻ മുകുന്ദൻ, കെ.ബാലകൃഷ്ണൻ, കെ.വി.യശോദ, സി.പദ്മനാഭൻ, കെ.നാരായണൻ, കൺവീനർ ടി.രാഘവൻ, സെക്രട്ടറി എം.പി.പ്രകാശ് കുമാർ എന്നിവർ സംസാരിച്ചു.

തിരുവോണ വിശേഷാൽപൂജ

ചേലോറ ▸ അയോത്തപ്പൻ മഹാവിഷ്ണു ക്ഷേത്രത്തിൽ 15-ന് രാവിലെ എട്ടുമുതൽ 10 വരെ തിരുവോണ വിശേഷാൽ പൂജകളുണ്ടാകും.

നിർവഹണസമിതി

കൂടാളി ▸ നവകേരളം കർമപദ്ധതിയുടെ ഭാഗമായി മാലിന്യമുക്ത നവകേരളം ജനകീയപ്രവർത്തനം കൂടാളി പഞ്ചായത്തിൽ ആരംഭിച്ചു. പഞ്ചായത്തുതല നിർവഹണ സമിതിയുടെ രൂപവത്കരണ യോഗം പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഷൈമ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് പി.പദ്മനാഭൻ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ റിസോഴ്സ് പേഴ്സൺ ജയപ്രകാശ് പന്തക്ക വിഷയാവതരണം നടത്തി. എം.വി. സന്ത, പി.സി.ശ്രീകല, കെ.ദിവാകരൻ, ഷംന, സജിത എന്നിവർ സംസാരിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് പി.കെ.ഷൈമ ചെയർമാനായും വൈസ് പ്രസിഡന്റ് പി.പദ്മനാഭൻ, ആസൂത്രണസമിതി ഉപാധ്യക്ഷൻ പി.പി. നൗഫൽ എന്നിവർ വൈസ് ചെയർമാൻ മാരായും പഞ്ചായത്തുതല നിർവഹണസമിതി രൂപവത്കരിച്ചു.

സംഘാടകസമിതി

അഴീക്കൽ ▸ സി.പി.എം. കണ്ണൂർ ഏരിയ സമ്മേളനം നവംബർ 16, 17 തീയതികളിൽ ചാൽ സ്നേഹതീരം ഓഡിറ്റോറിയത്തിൽ നടക്കും. സംഘാടകസമിതി രൂപവത്കരിച്ചു. കെ.വി.സുമേഷ് എം.എൽ.എ. എം. പ്രകാശൻ, ഏരിയ സെക്രട്ടറി കെ.പി.സുധാകരൻ എന്നിവർ സംസാരിച്ചു. ഭാരവാഹികൾ: കെ.ഗിരീഷ് കുമാർ (ചെയ.), എ.സുരേന്ദ്രൻ (കൺ.).

സ്ഥലം വേണ്ട; മനസ്സ് മതി കൃഷിക്ക്

മാവിലായി യു.പി. സ്കൂൾ സീഡ് ക്ലബയെ ലിറ്റിൽ ഫാർമേഴ്സിന്റെ പയറുകൃഷി വിളവെടുപ്പ് പെരളശ്ശേരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് എ.വി. ഷിബ ഉദ്ഘാടനം ചെയ്യുന്നു

മാവിലായി ▸ സാലപരിമിതി കാരണം കൃഷി ചെയ്യാനാവുന്നില്ലെന്ന പരാതി പരിഹരിക്കുകയാണ് മാവിലായി യു.പി. സ്കൂൾ സീഡ് ക്ലബയെ ലിറ്റിൽ ഫാർമേഴ്സ്. സ്കൂൾ കോമ്പൗണ്ടിലും അടുത്ത പറമ്പിലുമുള്ള ചെറിയ മഴവെള്ളി പച്ചക്കറികൃഷിയിറക്കി വിജയം കൊയ്യുകയാണ് കുട്ടികൾ. ഗ്രോ ബാഗുകളിൽ തക്കാളി, ചട്ടിയിൽ വഴുതന, പയർ, വെള്ളരി, കക്കിരി, മുളക്, പടവലം, കയ്യു എന്നിവ കൃഷിയിറക്കി.

പെരളശ്ശേരി ഗ്രാമപ്പഞ്ചായത്ത